
പടവുകൾ
VHM HIGHER...
വി.എച്ച്.എം. ഹയർ സെക്കണ്ടറി സ്കൂൾ മൊറയൂർ

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. നിലവിലുള്ള അവസ്ഥാവിശകലനം
4. പൊതു ലക്ഷ്യങ്ങൾ
5. വിദ്യാലയം മികവിന്റെ കേന്ദ്രം, ലക്ഷ്യങ്ങൾ
6. അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
7. പ്രതീക്ഷിത നേട്ടങ്ങൾ
8. മോണിറ്ററിംഗ്
9. ഉപസംഹാരം

# I. ആമുഖം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ ഭൗതിക സാഹചര്യങ്ങൾ, മാനുഷിക വിഭവശേഷി, സമ്പത്ത്, എന്നിങ്ങനെ വിവധതരം വിഭവങ്ങൾ വേണം, ഒപ്പം ശിശുസൗഹൃദപരവും സുരക്ഷിതവുമായ അന്തരീക്ഷവും ഒരുക്കണം. ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ് ഓരോ വിദ്യാലയവും മികവുററതാകുന്നത്.

അധ്യാപന പ്രക്രിയയിൽ പാഠഭാഗങ്ങളെ അവതരിപ്പിച്ച് ആശയങ്ങളെ കുട്ടികളിൽ സന്നിവേശിപ്പിക്കുക മാത്രമല്ല അധ്യാപകരുടെ ലക്ഷ്യം ഓരോ കുട്ടിയും സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന, സമൂഹത്തെ വിലമതിക്കുന്ന, മാതാപിതാക്കളെ ബഹുമാനിക്കുന്ന, മൂല്യബോധമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക എന്നതുകൂടിയായിരിക്കണം.

കേരള ജനത ആവേശപൂർവ്വം സ്വീകരിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വൈവിധ്യമാർന്ന പരിപാടികളിലൂടെ മുന്നേറുകയാണ്. പൊതുവിദ്യാലയങ്ങളെ പൊതു സമൂഹത്തിന്റെ ഭാഗമാക്കുന്ന നിലയിലേക്ക് ഉയർത്തിയെടുക്കാൻ ഓരോ വിദ്യാലയവും സമഗ്ര വികസന പദ്ധതികൾ തയ്യാറാക്കി വരികയാണ്. ഓരോ വിദ്യാർത്ഥിക്കും ഉയർന്ന പഠനബോധന അനുഭവങ്ങൾ നൽകേണ്ടത് ഓരോ വിദ്യാലയത്തിന്റെയും കടമയാണ്. ഓരോ വിദ്യാർത്ഥിക്കും വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും ലഭ്യമാകേണ്ടതുണ്ട്. അതിന് ചിട്ടയായി ആസൂത്രണം ചെയ്ത അക്കാദമിക പ്രവർത്തനങ്ങൾ ആവശ്യമാണ്.

ഓരോ വിദ്യാലയവും തങ്ങളുടെ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽ പെട്ട ജനങ്ങൾക്കും സ്വീകാര്യമായി മാറേണ്ടതുണ്ട്. അതിനുതകുന്ന പ്രവർത്തന പദ്ധതികളാണ് മൊറയൂർ വി. എച്ച്. എം. ഹയർ സെക്കണ്ടറി സ്കൂൾ തയ്യാറാക്കിയ അക്കദമിക് വികസന രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## II വിദ്യാലയ ചരിത്രം

ചരിത്രത്താളുകളിൽ സുവർണലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒരധ്യായമാണ് ഏറനാടൻ മണ്ണിൽ മലപ്പുറം ജില്ലയിലെ വിദ്യയുടെ കെടാവിളക്കായി പരിലസിക്കുന്ന മൊറയൂർ വീരാൻ ഹാജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ തുടക്കം 1942 ലാണ്. 1938 ൽ വിദ്യാഭ്യാസപരമായി കാര്യമായി നേട്ടങ്ങളൊന്നും അവകാശപ്പെടാനില്ലാതിരുന്ന കാലത്ത് ആറാം ക്ലാസുമുതൽ 8 -)ം ക്ലാസുവരെയുള്ള ഒരു എലിമെന്ററി സ്ഥാപനമായി ഇതിന്റെ പ്രവർത്തനം തുടങ്ങി. മദ്രാസ് ഗവൺമെന്റിന്റെ കീഴിലായിരുന്ന ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് സ്റ്റാർട്ടൻ എന്ന വിദ്യാഭ്യാസ ഓഫീസറായിരുന്നു. 1946 – 47 കാലഘട്ടത്തിൽ ഹൈസ്കൂളായും 2000 ൽ ഹയർ സെക്കണ്ടറി സ്കൂളായും മാറി.

ഏറനാട്ടിലെ വിരലിലെണ്ണാവുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി ഈ സ്ഥാപനം മാറി. മലപ്പുറത്തിനും ഫറൂക്കിനും ഇടയിലുള്ള ഏക വിദ്യാഭ്യാസ സ്ഥാപനമായിരുന്നു ഇത്. ഒരു പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ പുരോഗതിയിൽ ഈ സ്ഥാപനം മഹനീയമായ പങ്ക് വഹിച്ചിട്ടുണ്ട്.

1942 - 47 കാലഘട്ടങ്ങളിൽ ഏതാനും പഠിതാക്കളുമായി തുടങ്ങിയ ഈ സ്ഥാപനം ഇന്ന് 4000 ത്തോളം വിദ്യാർത്ഥികളും 130 ഓളം അധ്യാപകരും അധ്യാപകേതര ജീവനക്കാരുമുള്ള മഹത്തായ സ്ഥാപനമായി മാറിയിരിക്കുകയാണ്. 2000ന് ശേഷം ഈ സ്ഥാപനം അനുദിനം പുരോഗതിയുടെ പാതയിലാണ്. 2009 ൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ S.S.L.C പരീക്ഷക്കിരുത്തി നൂറുശതമാനം വിജയം നേടിയതിനുള്ള ജില്ലാ പഞ്ചായത്തിന്റെ ഉപഹാരം ബഹു: കേന്ദ്രമന്ത്രി ശ്രീ. ഇ. അഹമ്മദിൽ നിന്നും ഏറ്റുവാങ്ങുകയുമുണ്ടായി.

ഈ സ്ഥാപനം ഇത്രയും നേട്ടങ്ങൾ കൈവരിക്കുന്നതിന് അനവധി കർമ്മനിരതരായ അധ്യാപകരും അവർക്ക് നേതൃത്വം നൽകിയ പ്രധാനാധ്യാപകരായ സർവ്വശ്രീ അൻവർ പാഷ, ശങ്കരൻ, സുബ്രഹ്മണ്യ അയ്യർ, ഇ. കെ. മൊയ്തീൻ കുട്ടി, കൃഷ്ണയ്യർ, പി. ജോൺ, കൃഷ്ണമേനോൻ, പി. കൃഷ്ണമണി, പി. പി. വാസുദേവൻ, പി. ചാണ്ടി, ബി. മുഹമ്മദുണ്ണി, എം. കെ. ജുമൈല, സി.വി.ഐസക്, ബർണാഡ് മരിയ, ജെസി.എ.കെ. എന്നിവരുടെ സേവനങ്ങൾ അനുസ്മരണീയമാണ്.

സർവ്വോപരി ഈ നേട്ടങ്ങൾക്ക് സർവ്വ പിന്തുണയും ഭൗതിക സാഹചര്യങ്ങളും സജ്ജമാക്കുന്നതിൽ അതീവ ശ്രദ്ധാലുവായ മാനേജർ ബഹുമാന്യനായ കോടിഞ്ഞാടിക ഉണ്ണിമുഹമ്മദാജി ഇപ്പോഴത്തെ മനേജർ ശ്രീ. മുഹമ്മദ് ഹസ്സൻ എന്നിവരുടെ സേവനവും എടുത്തു പറയേണ്ടതുതന്നെയാണ്.

കുട്ടികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്താനും അർപ്പണ മനോഭാവമുള്ള കുട്ടികളെ വളർത്തിയെടുക്കാനും വിവിധ ക്ലബുകളുടെ പ്രവർത്തനം സ്മരണീയമാണ്. എൻ. സി. സി., എസ്. പി. സി., ജെ. ആർ. സി., സ്കൗട്ട് ആന്റ് ഗൈഡ്സ്, എൻ. എസ്. എസ്., സ്പോർട്സ് ക്ലബ്, പ്രവൃത്തി പരിചയ ക്ലബ്, സയൻസ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, സൗഹൃദ ക്ലബ് തുടങ്ങിയവയുടെ സ്വാധീനം വളരെ വലുതാണ്.

ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നാം എത്തിപ്പെടുമ്പോൾ നമ്മുടെ പൂക്കളായി വിശാലമായ തോട്ടത്തിൽ വിരിഞ്ഞതിന്റെ നിറഭേദങ്ങൾ അനുഭവ വേദ്യമാണ്. കാര്യ ശേഷിയും, കർമ്മ ശേഷിയും, ഒത്തിണങ്ങിയ മാനേജ്മെന്റ്, അധ്യാപകർ, പി. ടി. എ. കമ്മിററി, രക്ഷിതാക്കൾ എല്ലാം ഒരു ചരടിൽ കോർത്ത പൂക്കളെ പോലെ വർത്തിക്കുന്നതാണ് ഈ നേട്ടത്തിന്റെ പുറകിൽ. മലപ്പുറത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഈ സ്ഥാപനത്തിന്റെ നാമം രേഖപ്പെടുത്തേണ്ടതുതന്നെയാണ്.

## III നിലവിലുള്ള അവസ്ഥാവിശകലനം

### ഭൗതികം :- നേട്ടങ്ങൾ

- 48 ക്ലാസ്മുറികൾ ഹൈടെക് സംവിധാനത്തിൽ എത്തിയിട്ടുണ്ട് 12 മുറികൾ കൂടി ഹൈടെക് ആകാൻ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. എല്ലാ ക്ലാസ്മുറികളിലും വൈദ്യുതീകരണം പൂർത്തിയായി. പെൺകുട്ടികൾക്കായി ആധുനിക രീതിയിലുള്ള ശൗചാലയം പണി പൂർത്തീകരിച്ചിട്ടുണ്ട്.

### ഭൗതികം :- പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം, ലാബ് എന്നിവക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല. ചുററുമതിൽ പൂർണമല്ല. ആകർഷകമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

### അക്കാദമികം :- നേട്ടങ്ങൾ

കഴിഞ്ഞ ഏതാനും വർഷങ്ങളായി S.S.L.C പരീക്ഷയിൽ ഉന്നത നിലവാരം നിലനിർത്താൻ സാധിക്കുന്നു. A+ നേടുന്ന കുട്ടികൾ വർഷം തോറും വർധിച്ചു വരുന്നു. സംസ്ഥാന തലത്തിൽതന്നെ ഉന്നത നിലവാരം പുലർത്താൻ സാധിക്കുന്നു. N.C.C, N.S.S, S.P.C, J.R.C, Scout and Guides, LK എന്നീ യൂണിററുകൾ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. U.S.S.പരീക്ഷയിലും എല്ലാ വർഷവും നേട്ടം കൈവരിക്കാൻ സാധിക്കുന്നു. N.M.M.S മത്സര പരീക്ഷകളിലും സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു. കലാ കായിക, ശാസ്ത്ര, പ്രവൃത്തി പരിചയ മേളകളിൽ സംസ്ഥാന തലത്തിൽ തന്നെ മികച്ച പ്രകടനം നടത്തുന്ന കുട്ടികളെ സംഭാവന ചെയ്യാൻ ഈ സ്ഥാപനത്തിന് കഴിയുന്നു എന്നുള്ളതും എടുത്തുപറയേണ്ടതുതന്നെയാണ്.

## അക്കാദമികം പരിമിതികൾ

മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി, ലാബോറട്ടറികൾ എന്നിവ ആധുനിക വൽക്കരിക്കേണ്ടതുണ്ട്. ഹൈടെക് ക്ലാസ് മുറികളുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട്. ക്ലാസ് ലൈബ്രറി വിപുലീകരിക്കേണ്ടതുണ്ട്. മലയാള ഭാഷാ ശേഷിയിൽ കുട്ടികൾ ഇനിയും മുന്നേറ്റം അത്യാവശ്യമാണ്. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി കൈവരിക്കേണ്ടതുണ്ട്. ശാസ്ത്ര കുതുകികളായ കുട്ടികളെ സൃഷ്ടിക്കേണ്ടതുണ്ട്. ഗണിതത്തിൽ കുട്ടികളുടെ കഴിവ് വർധിപ്പിക്കണം. U.S.S.ലഭിക്കുന്ന കുട്ടികളുടെ എണ്ണം വർധിപ്പിക്കണം. N.M.M.S എണ്ണം വർധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. 6 - )ം ക്ലാസിലെ കുട്ടികൾക്കുള്ള ന്യൂമാത്സ് വിജയം ഉണ്ടാക്കാൻ കഴിയുന്ന കുട്ടികളില്ല എന്നത് ഏററവും വലിയ പോരായ്മയാണ്. ഗണിതത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യതയാണ്. ദിനാചരണങ്ങൾ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കണം.

## IV. പൊതു ലക്ഷ്യങ്ങൾ

1. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ ഗുണത, തുല്യത ഇവ ഉറപ്പാക്കൽ.
2. ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പരിസരത്തെയും മാററിയെടുക്കൽ.
3. പുതിയ വെല്ലുവിളികൾ ഏറെറടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ.
4. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ചപ്പാട് രൂപീകരിക്കൽ.
5. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം സാധ്യമാകുന്ന തരത്തിൽ പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ.
6. നാട്ടിൽ ലഭ്യമായ വൈദഗ്ദ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽകൂട്ടാക്കൽ.
7. സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനത്തെയും ഏകോപ്പിക്കൽ.

## V ലക്ഷ്യങ്ങൾ - വിദ്യാലയം

- 5 മുതൽ 10 വരെയുള്ള എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിലും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപകസമൂഹത്തെ പരിവർത്തിപ്പിക്കൽ.
- കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ.
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്കൂൾ ക്യാമ്പസിനെ മാററിയെടുക്കൽ.
- വായനശാല, ലാബോറട്ടറി എന്നിവ ആധുനികവൽക്കരിക്കൽ.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഉറുദു, അറബിക് എന്നീ ഭാഷകൾകൂടി കൈകാര്യം ചെയ്യുന്നതിന് ശേഷി വർധിപ്പിക്കുക.
- പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത, ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കൽ.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ രീതികൾ ഉറപ്പുവരുത്തുക.
- സർഗ്ഗപരമായ എല്ലാ കഴിവുകളെയും വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന.
- പഠനത്തെ പരിസരബന്ധിയായും ജീവിതഗന്ധിയായും മാററുക.
- കൗൺസിലിങ്ങ് സൗകര്യം ലഭ്യമാക്കുക.
- മികച്ച മാനസിക, ശാരീരിക ആരോഗ്യം ഉറപ്പാക്കുക.
- ജനാധിപത്യ ബോധവും മതനിരപേക്ഷതാ ബോധവും വർധിപ്പിക്കുക.

## VI അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ:

1. അലയാള ഭാഷാശേഷി വികാസം

   കൈത്താങ്ങ്
   പ്രതിഭകളെ കണ്ടെത്തൽ
   സർഗ്ഗ സല്ലാപം
   നാടകക്കളരി
   വായനക്കൂട്ടം
   മലയാളത്തിളക്കം

2. സംസ്കൃത ഭാഷാശേഷി വികാസം

   സാഹിത്യക്യാമ്പ്
   ഫിലിം ഫെസ്റ്റ്
   സംസ്കൃതോൽസവം
   സംസ്കൃത പുസ്തക പ്രദർശനം

3. അറബിക് ഭാഷാശേഷി വികാസം

   മുന്നേററം
   അറബിക് ദിനാചരണം
   അറബിക് പുസ്തക പ്രദർശനം
   അറബിക് ക്വിസ്

4. ഉറുദു ഭാഷാശേഷി വികാസം

   ആസ്വാദനക്കൂട്ടം
   മാസിക നിർമ്മാണം
   അഭിമുഖം
   ബ്ലോഗ് ഉറുദു

5. ഹിന്ദി ഭാഷാശേഷി വികാസം

   രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
   ഹിന്ദി ദിനാചരണം
   ചുമർ പത്രിക നിർമ്മാണം

6. ഗണിതം

   ഗണിതം മധുരം
   ഒറിഗാമി ശിൽപശാല
   ഗണിത ലാബ്
   ഗണിത പാർക്ക്
   അഭിമുഖം

7. ശാസ്ത്രം

   ശാസ്ത്രലാബ് നവീകരണം
   ശാസ്ത്ര പോഷണം
   പ്രതിഭാ പോഷണം - ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ
   ശാസ്ത്ര യാത്രകൾ
   ശാസ്ത്രമേള
   ജൈവ വൈവിധ്യഉദ്യാനം
   സോപ്പു നിർമ്മാണ യൂണിററ്

8. ഇംഗ്ലീഷ്

   ഇംഗ്ലീഷ് അസംബ്ലി
   ഇംഗ്ലീഷ് ഡയറി
   ഇംഗ്ലീഷ് തിയററർ
   ഇംഗ്ലീഷ് ഫെസ്റ്റ്

6

9 .സാമൂഹ്യശാസ്ത്രം

സാമൂഹ്യശാസ്ത്ര ലാബ്
പുരാവസ്തു മ്യൂസിയം
പ്രാദേശിക ചരിത്രരചന
പഠനയാത്രകൾ
മോക്ക് പാർലമെന്റ്
സാമൂഹ്യശാസ്ത്ര ലൈബ്രറി

10. കലാ വിദ്യാഭ്യാസം
ആർട് ഗ്യാലറി
ചിത്രരചനാക്കളരി
കലാപരിശീലനം

11. കായിക വിദ്യാഭ്യാസം
കായിക പരിശീലനം
കോർട്ട് നിർമ്മാണം
യോഗ പരിശീലനം

12. പ്രവൃത്തി പരിചയ വിദ്യാഭ്യാസം
എന്റെ കട
ശില്പ ശാല

13. പ്രതിഭാ പോഷണം
ടാലന്റ് ലാബ്

14. ജൈവ വൈവധ്യമേഖല
ജൈവ വൈവിധ്യ ഉദ്യാനം
ശലഭ പാർക്ക്

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം. 1

പ്രവർത്തനത്തിന്റെ പേര് : 'കൈത്താങ്ങ്

ഉപമേഖല : മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം എഴുതാനും വായിക്കാനും അറിയാത്തവരെ കണ്ടെത്തി അവരിൽ ഭാഷാ ഉപയോഗശേഷി വർദ്ധിപ്പിക്കുക. | മിടുക്കരായ വിദ്യാർത്ഥികളുടെ സഹായത്തോടെ പരിശീലനം നൽകുക. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | ----- |

പ്രവർത്തനം. 2

പ്രവർത്തനത്തിന്റെ പേര് : പ്രതിഭകളെ കണ്ടെത്തൽ

ഉപമേഖല : മലയാള ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് അവസരം നൽകുകയും പ്രതിഭകളായ കുട്ടികളെ കണ്ടെത്തുകയും ചെയ്യുക | രചനാമത്സരങ്ങളും മററുംനടത്തുക, സർഗ്ഗമേളകൾ നടത്തുക,കഥ,കവിതാ ശില്പശാലകൾ സംഘടിപ്പിക്കുക, പാഠഭാഗങ്ങളുടെ ചിത്രീകരണങ്ങൾ അവതരിപ്പിക്കുക, സാഹിത്യ ക്വിസുകൾ, നാടൻപാട്ട് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. | മാസത്തിൽ ഒന്ന് | വിദ്യാരംഗം ക്ലബ് | 2000/- (പി.ടി.എ) |

പ്രവർത്തനം. 3

പേര് : സർഗ്ഗസല്ലാപം

ഉപമേഖല : മലയാള ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക. | പ്രാദേശികമായി ലഭ്യമാവുന്ന എഴുത്തുകാർ, കർഷകർ തുടങ്ങിയവരെ സ്കൂളിൽ എത്തിക്കൽ അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ് മാസ്റ്റർ, പി. ടി. എ. | 2000/- (Sponsorship) |

പ്രവർത്തനം.4

പേര് : നാടക കളരി

ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പാഠഭാഗങ്ങളും കുട്ടികൾ വായിച്ചിട്ടുള്ള മറ്റ് കഥകളും മറ്റും നാടകാവിഷ്കരണം നടത്തി അവതരിപ്പിക്കുക. | പ്രതിമാസം | വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകൻ | ---- |

പ്രവർത്തനം.5

പേര് : വായനാക്കൂട്ടം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ലൈബ്രറി,പുസ്തകങ്ങളാൽനിറക്കൽ, ക്ലാസുകളിൽ വായനാ മൂലകൾ നിർമ്മിക്കൽ പത്രങ്ങൾ എല്ലാ ക്ലാസുകളിലും എത്തിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ് മാസ്റ്റർ, അധ്യാപിക, പി.ടി.എ. | 1000/- Sponsorship, രക്ഷിതാക്കൾ |

പ്രവർത്തനം.6

പേര് : മലയാളത്തിളക്കം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | വാക്കുകൾ നിർമിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, കഥ പറയൽ, അടിക്കുറിപ്പ് എഴുതൽ കഥാപുസ്തകങ്ങൾ നൽകൽ തുടങ്ങിയവ. | ആഴ്ചയിൽ ഒന്ന് | ടീച്ചർ | ---- |

പ്രവർത്തനം. 7

പേര് : സാഹിത്യ ക്യാമ്പ്

ഉപമേഖല : സംസ്കൃത ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷയിൽ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക. | സംസ്കൃത സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് കഥാ, കവിതാ ശില്പശാലകൾ സംഘടിപ്പിക്കുക. കുട്ടികൾക്കായി കഥ, കവിത, ഉപന്യാസ രചനാ മത്സരങ്ങൾ സംഘടിപ്പിക്കുക. | വർഷത്തിൽ 3 പ്രാവശ്യം | ഹെഡ് മാസ്റ്റർ, പി.ടി.എ, അധ്യാപിക | 6000/- Sponsorship |

പ്രവർത്തനം.8

പേര് : ഫിലിം ഫെസ്റ്റ്

ഉപമേഖല : സംസ്കൃത ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷയിൽ കുട്ടികൾക്ക് പ്രാവീണ്യം നേടുക. | സംസ്കൃത സിനിമകളുടെ 3 ദിവസം നീളുന്ന പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ആർട്സ് ക്ലബ് | ---- |

പ്രവർത്തനം.9

പേര് : മുന്നേറ്റം

ഉപമേഖല : അറബിക് ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി പഠനം കാര്യക്ഷമ മാക്കൽ | ക്ലാസുകളിൽ അറബി സംസാരി പ്പിക്കുക, അറബിക് പുസ്തക ങ്ങൾ വായിപ്പിക്കൽ, പദ പയ റ്റ് മത്സരങ്ങൾ നടത്തൽ മുത ലായവ. | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | ---- |

പ്രവർത്തനം.10

പേര് : അറബിക് ദിനാചരണം

ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി പഠനം കാര്യക്ഷമ മാക്കൽ അറബി ഭാഷ യുടെ മഹത്വം മനസ്സിലാ ക്കൽ | പോസ്റ്റർ തയ്യാറാക്കൽ, ന്യൂസ്ലെറ്റർ നിർമ്മാണം, സെമി നാർ, സംവാദങ്ങൾ അറബി ടൈപ്പിങ് പരിശീലനം | വർഷത്തിൽ ഒന്ന് | അറബി ക്ലബ് | ---- |

പ്രവർത്തനം.11

പേര് : 'ആസ്വാദനക്കൂട്ടം'

ഉപമേഖല : ഉറുദു ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉറുദു ഭാഷാ പഠനം കാര്യക്ഷമമാക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥകൾ, കവിതകൾ, ഗസലുകൾ എന്നിവ കേൾപ്പിക്കൽ. വായനാമത്സരങ്ങൾ നടത്തൽ പതിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | ഉറുദു ക്ലബ് | ---- |

പ്രവർത്തനം.12

പേര് : 'മാസിക ഒരുക്കാം'

ഉപമേഖല : ഉറുദു ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പഠനം കാര്യക്ഷമമാക്കുക. | കുട്ടികൾ കവിത, കഥ തുടങ്ങിയവ തയ്യാറാക്കി മാസിക ഒരുക്കുന്നു. | ടേമിൽ ഒന്ന് വീതം | ഉറുദു ക്ലബ് | ----- |

പ്രവർത്തനം.13

പേര് : അഭിമുഖം

ഉപമേഖല : ഉറുദു ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉറുദു ഭാഷാ പഠനം കാര്യക്ഷമമാക്കുക | ഉറുദു അദ്ധ്യാപകർ, പണ്ഡിതർ എന്നിവരുമായി സംവദിക്കുക | വർഷത്തിൽ 2 പ്രാവശ്യം | ഉറുദു ക്ലബ് | 1000/-(P.T.A) |

പ്രവർത്തനം.14

പേര് : ബ്ലോഗ് നിറയ്ക്കൽ

ഉപമേഖല : ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം, സംസ്കൃതം, അറബിക്, ഉറുദു ഭാഷകളിലുള്ള കുട്ടികളുടെ രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ. | മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസം | വിദ്യാരംഗം IT ക്ലബ് | ---- |

പ്രവർത്തനം.15

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : എല്ലാ ഭാഷകളുടെയും വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച്ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | ഹെഡ് മാസ്റ്റർ PTA, ലൈബ്രേറിയൻ | 20000/- Sponsorship |

പ്രവർത്തനം.16

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

മേഖല /ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കൽ, ഹിന്ദിയിൽ രചനാമത്സരങ്ങൾ സംഘടിപ്പിക്കൽ, പുസ്തക വായന തുടങ്ങിയവ. | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ് | 5000/-SSG |

പ്രവർത്തനം.17

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മാസം മുതൽ മാർച്ച് മാസം വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG ൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുരണം | SRG | ------ |

പ്രവർത്തനം.18

പേര് : 'ഗണിതം മധുരം'

ഉപമേഖല : അക്കാദമികം / ഗണിത ശേഷികൾ വർദ്ധിപ്പിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ശേഷികൾ കുട്ടികളിൽ ഉറപ്പിക്കുക. | ഗണിത ശേഷികൾ നേടുന്നതിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുക സമർത്ഥരായ കുട്ടികളെ ഉപയോഗിച്ച് ക്ലാസുകൾ നൽകുക. | ആഴ്ചയിൽ ഒരു ദിവസം | SRG | 1000/- Sponsorship |

പ്രവർത്തനം.19

പേര് : ഒറിഗാമി ശില്പശാല

മേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനം | ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം.വിവിധരൂപങ്ങൾ നിർമ്മിച്ച് അവയുടെ ഗണിത സവിശേഷതകൾ വെളിപ്പെടുത്തി പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ 1 പ്രാവശ്യം | SRG, OSA | 1000/-OSA |

പ്രവർത്തനം.20

പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല : അക്കാദമിക് / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽവച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | SRG, ഗണിത ക്ലബ് | 500000/- പൂർവ്വവിദ്യാർത്ഥികൾ, Sponsorship |

പ്രവർത്തനം. 21

പേര് : ഗണിത പാർക്ക്

മേഖല /ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം എളുപ്പവും ആസ്വാദ്യകരവുമാക്കുന്നതിന് | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ പരിസരത്ത് പാർക്ക് ഒരുക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ് | PTA,OSA Sponsorship |

പ്രവർത്തനം. 22

പേര് : അഭിമുഖം

മേഖല /ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുതിയ ഗണിതാനുഭവങ്ങൾ നൽകുക. | പ്രാദേശികമായി ലഭ്യമായ ഗണിതാധ്യാപകരെയും ഗണിത ഗവേഷകരെയും സ്കൂളിൽ എത്തിച്ച് കുട്ടികൾക്ക് അവരുമയി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കുക. | ടേമിൽ ഒന്ന് വീതം | ഗണിത ക്ലബ് | PTA Sponsorship |

പ്രവർത്തനം. 23

പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല /ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെയും UP വിഭാഗത്തിന് അങ്ങനെയും എന്ന രീതിയിൽ ഇനം തിരിച്ച് ക്രമീകരിച്ച് കാറ്റലോഗുകൾ തയ്യാറാക്കി ക്രമീകരിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | PTA,Lab fund |

പ്രവർത്തനം. 24

പേര് : ശാസ്ത്ര പോഷണപരിപാടി

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര മനോ ഭാവവും അഭിരുചിയും രൂപപ്പെടുത്തൽ | ശാസ്ത്ര ക്ലാസുകൾ, സംവാദ ങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ. | പ്രതിമാസം | സയൻസ് ക്ലബ് | 10000/-SSG |

പ്രവർത്തനം. 25

പേര് : പ്രതിഭാ പോഷണ പരിപാടി

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധപരി ശീലനവും ക്ലാസുകളും നൽകൽ. | ശാസ്ത്രത്തിൽ മികച്ച നില വാരം പുലർത്തുന്ന കുട്ടി കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ നടത്തുക. | അവധി ദിവ സങ്ങളിൽ | SRG,SSG | 5000/- Sponsorship |

പ്രവർത്തനം. 26

പേര് : ശാസ്ത്രയാത്രകൾ

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകര മാക്കൽ | വാന നിരീക്ഷണ കേന്ദ്രങ്ങൾ, മററു ശാസ്ത്ര പരീക്ഷണ ശാല കൾ തുടങ്ങിയവ സന്ദർശിക്കൽ | പ്രതിവർഷം 2 യാത്രകൾ | സയൻസ് ക്ലബ് PTA | 15000/- Sponsorship OSA |

പ്രവർത്തനം. 27

പേര് : ശാസ്ത്രമേള

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനങ്ങളി ലേക്ക് കൊണ്ടുവരിക. | സ്കൂൾ ശാസ്ത്ര മേളയിൽ എല്ലാകുട്ടികളുടെയും പങ്കാ ളിത്തം ഉറപ്പുവരുത്തൽ ഉപജി ല്ലാതലത്തിൽ പരമാവധി പങ്കാ ളിത്തം. | വർഷത്തിൽ 1 | സയൻസ് ക്ലബ് | 20000/-PTA |

പ്രവർത്തനം. 28

പേര് : ജൈവ വൈവിധ്യ ഉദ്യാനം

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ വൈവിധ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കൽ. | വിവിധതരം ഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും, ആവാസ വ്യവസ്ഥയെ പ്രതിനിധീകരിക്കുന്ന ഒരു ചെറു കുളവും മററും അടങ്ങിയ ഉദ്യാനം തയ്യാറാക്കൽ. | ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 20000/- OSA,പൂർവ്വ വിദ്യാർത്ഥികൾ |

പ്രവർത്തനം. 29

പേര് : സോപ്പു നിർമ്മാണ യൂണിററ്

മേഖല /ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിച്ച ശാസ്ത്രത്തെ പ്രായോഗിക ജീവിതത്തിൽ പകർത്തുക. | ചെറിയ രീതിയിലുള്ള ഒരു സോപ്പു നിർമ്മാണ യൂണിററ് UP തലത്തിലെ കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടങ്ങുന്നു. | ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 20000/- Sponsorship |

പ്രവർത്തനം. 30

പേര് : ഇംഗ്ലീഷ് അസംബ്ലി

മേഖല : അക്കാദമികം / ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ എല്ലാപ്രവർത്തനങ്ങളും ഇംഗ്ലീഷിൽ ഒരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല. | ആഴ്ചയിൽ 2 തവണ | ക്ലാസ് ടീച്ചർ | -------- |

പ്രവർത്തനം. 31

പേര് : ഇംഗ്ലീഷ് ഡയറി

മേഖല /ഉപമേഖല : അക്കാദമിക് /ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെററില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസത്തെയും ഡയറി ഇംഗ്ലീഷിൽ എഴുതൽ | എല്ലാ ദിവസവും | ഇംഗ്ലീഷ് അധ്യാപിക | -------- |

പ്രവർത്തനം. 32

പേര് : ഇംഗ്ലീഷ് തിയറ്റർ

മേഖല : **അക്കാദമികം/ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠ ഭാഗങ്ങളെ Skit, Drama,Conversation എന്നീ രൂപങ്ങളിലേക്ക് മാറ്റി സദസിന്യമുമ്പാകെ അവതരിപ്പിക്കൽ | പ്രതിമാസം | HM,ഇംഗ്ലീഷ് അധ്യാപകൻ | 2000/- PTA |

പ്രവർത്തനം. 33

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

മേഖല : **അക്കാദമികം/ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ഒരു വർഷം 5 ദിവസം ഒരുമിച്ച് | HM, PTA President | 10000/- PTA,Sponsoring |

പ്രവർത്തനം. 34

പേര് : സാമൂഹ്യ ശാസ്ത്ര ലാബ്

മേഖല/ ഉപമേഖല : **അക്കാദമികം/** സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | SS ക്ലബ്ബ് | 5000/- PTA |

പ്രവർത്തനം. 35

പേര് : പുരാവസ്തു മ്യൂസിയം

മേഖല/ഉപമേഖല : **അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുക | പുരാവസ്തുക്കൾ ശേഖരിച്ച് ഒരു മ്യൂസിയം ഉണ്ടാക്കുന്നു, റഫറൻസ് ഗ്രന്ഥങ്ങളുടെ ശേഖരവും | വർഷത്തിൽ 1 പ്രാവശ്യം | SS ക്ലബ്ബ് | sponsorship |

പ്രവർത്തനം. 32

പേര് : ഇംഗ്ലീഷ് തിയറ്റർ

**മേഖല : അക്കാദമികം/ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠ ഭാഗങ്ങളെ Skit, Drama,Conversation എന്നീ രൂപങ്ങളിലേക്ക് മാറ്റി സദസിനുമുമ്പാകെ അവതരിപ്പിക്കൽ | പ്രതിമാസം | HM,ഇംഗ്ലീഷ് അധ്യാപകൻ | 2000/- PTA |

പ്രവർത്തനം. 33

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

**മേഖല : അക്കാദമികം/ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ഒരു വർഷം 5 ദിവസം ഒരുമിച്ച് | HM, PTA President | 10000/- PTA,Sponsoring |

പ്രവർത്തനം. 34

പേര് : സാമൂഹ്യ ശാസ്ത്ര ലാബ്

**മേഖല/ ഉപമേഖല : അക്കാദമികം/** സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | SS ക്ലബ്ബ് | 5000/- PTA |

പ്രവർത്തനം. 35

പേര് : പുരാവസ്തു മ്യൂസിയം

**മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കുക | പുരാവസ്തുക്കൾ ശേഖരിച്ച് ഒരു മ്യൂസിയം ഉണ്ടാക്കുന്നു, റഫറൻസ് ഗ്രന്ഥങ്ങളുടെ ശേഖരവും | വർഷത്തിൽ 1 പ്രാവശ്യം | SS ക്ലബ്ബ് | sponsorship |

പ്രവർത്തനം. 36

പേര് : പ്രാദേശിക ചരിത്ര രചന

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൊറയൂരിന്റെ ചരിത്ര നിർമ്മാണം | കുട്ടികളെ ഗ്രൂപ്പുകളാക്കി പ്രാദേശിക ചരിത്രം ശേഖരിക്കുന്നതിന് ചുമതലപ്പെടുത്തുന്നു. പ്രാദേശിക ഭൂപടവും നിർമ്മിക്കുന്നു. | ഒരു പ്രാവശ്യം | SS ക്ലബ്ബ് | ---------- |

പ്രവർത്തനം. 37

പേര് : പഠന യാത്രകൾ

മേഖല/ ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്കുള്ള പഠന യാത്രകൾ. | മാസത്തിൽ ഒന്നു വീതം | SRG | 20000/- Sponsorship |

പ്രവർത്തനം. 38

പേര് : മോക്ക് പാർലമെന്റ്

മേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ തുടർന്ന് ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷം 5 എണ്ണം | SRG സ്കൂൾ പാർലമെന്റ് | -------- |

പ്രവർത്തനം. 39

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാല ലോകത്തേക്ക് കടക്കൽ | അധിക വായനക്കുള്ള പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവയുള്ള വിശാല ലൈബ്രറി ഒരുക്കൽ | വർഷത്തിൽ ഒന്ന് | SS ക്ലബ്ബ് | Sponsorship |

പ്രവർത്തനം. 40

പേര് : ആർട്ട് ഗ്യാലറി

മേഖല/ ഉപമേഖല : അക്കാദമികം/ കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | കലയുടെ വൈവിധ്യങ്ങൾ .കുട്ടികളിൽ എത്തിക്കുന്ന പുസ്തകങ്ങൾ പെയിന്റിങ്ങുകൾ CD കൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ | ഒരു പ്രാവശ്യം | Arts Club | Sponsorship |

പ്രവർത്തനം. 41

പേര് : ചിത്രരചനാ കളരി

മേഖല/ ഉപമേഖല : അക്കാദമികം/ കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | 5 ദിവസം നീണ്ടുനിൽക്കുന്ന ചിത്ര രചനാ പരിശീലനം | അവധിക്കാലം 5 ദിവസം | Arts Club എസ്.ആർ.ജി | 10000/- SDC |

പ്രവർത്തനം. 42

പേര് : കലാമണ്ഡപം

മേഖല/ ഉപമേഖല : അക്കാദമികം/ കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | നൃത്തം,വാദ്യോപകരണങ്ങൾ സംഗീതം എന്നവയിൽ പരിശീലനം | അവധി ദിനങ്ങൾ | Arts Club | 200000 Sponsorship |

പ്രവർത്തനം. 43

പേര് : കായിക പരിശീലനം

മേഖല/ ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകിട്ടും കായിക പരിശീലനം നൽകൽ | ആഴ്ചയിൽ 3 ദിവസം | PTA, കായികാധ്യാപകൻ | 10000/- Sponsorship |

പ്രവർത്തനം. 44

പേര് : കോർട്ടുകളുടെ നിർമ്മാണം

മേഖല/ ഉപമേഖല : ഭൗതികം/കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ കായിക ഇനങ്ങൾ പരിശീലിക്കൽ | ബാസ്ക്കറ്റ് ബോൾ, ഹാന്റ് ബോൾ, ഷട്ടിൽ എന്നിവക്കുള്ള കോർട്ടുകൾ നിർമ്മിക്കൽ | 1 വർഷം | HM,PTA,കായികാധ്യാപകൻ | Sponsorship |

പ്രവർത്തനം. 45

പേര് : 'എന്റെ കട'

മേഖല/ ഉപമേഖല : അക്കാദമികം/Work Experience

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വന്തം ഉല്പന്നങ്ങൾ വിറ്റഴിക്കൽ | തൊഴിൽ, കരകൗശല പരിശീലനത്തിന്റെ ഭാഗമായി കുട്ടികൾ വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത് വിറ്റഴിക്കുന്നതിനുള്ളത്. | വർഷത്തിൽ 1 | തൊഴിൽ പരിശീലന അദ്ധ്യാപിക | ------- |

പ്രവർത്തനം. 46

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന. | വർഷത്തിൽ ഒന്ന് | HM, PTA | 10000/- PTA |

പ്രവർത്തനം. 47

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക താൽപര്യം വളർത്തൽ | സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒന്ന് | SRG, SSG | 10000/- കൃഷിവകുപ്പ് |

പ്രവർത്തനം. 48

പേര് : ക്ലാസ് പി. ടി. എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പ.ടി.എ. പ്രതിമാസം ചേരൽ, പഠന പുരോഗതി വിലയിരുത്തൽ, മികവുകളുടെ അവതരണം പൊതു ചർച്ച | പ്രതിമാസം | ക്ലാസ് ടീച്ചർ | --------- |

പ്രവർത്തനം. 49

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള കുട്ടികൾ | വ്യത്യസ്ത മെനു അനുസരിച്ച് പോഷകസമൃദ്ധമായ ആഹാരം | എല്ലാ പ്രവൃത്തി ദിനങ്ങളിലും | **Noon feading Teacher, HM,PTA** | **50000/- CSR** ഫണ്ട് |

പ്രവർത്തനം. 50

പേര് : ഗവേഷണ പ്രോജക്ട്സുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നോക്കാവസ്ഥ കണ്ടെത്തൽ വർക്ക് ഷീറ്റ് തയ്യാറാക്കൽ, ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ. | വർഷത്തിൽ ഒന്ന് | SRG,PTA,MPTA,SSG | ---------- |

പ്രവർത്തനം. 51

പേര് : സമഗ്ര പോർട്ടൽ ശില്പശാല

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമഗ്ര പോർട്ടലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ. | സമഗ്രയിലേക്ക് വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി SRG യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ അപ്ലോഡ് ചെയ്യൽ. | ടേമിൽ ഒന്ന് | SRG | ---------- |

പ്രവർത്തനം. 52

പേര് : ചരിത്ര കലണ്ടർ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്ര ബോധം വളർത്തിയെടുക്കൽ | 12 ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ മുഴുവൻ തീയ്യതികളും എഴുതി കലണ്ടർ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയ്യതിക്കുതാഴെ ഒട്ടിക്കുക. | പ്രതിദിനം | SRG | ---------- |

പ്രവർത്തനം. 53

പേര് : 100 കവികൾ 100 കവിതകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും ഗ്രന്ഥങ്ങളെയും പരിചയപ്പെടുത്തൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോകുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കുന്നു. പുസ്തക രൂപമാക്കുന്നു. | വർഷത്തിൽ ഒന്ന്. | SRG, PTA | ---------- |

പ്രവർത്തനം.68

പേര് : സൗരോർജ്ജ പാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | മേൽക്കൂരയിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കൽ. | 3 വർഷം | PTA | OSA,MP Fund |

പ്രവർത്തനം.69

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ വിളിച്ചു ചേർക്കൽവിദ്യാലയ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരണം. | വർഷം 2 പ്രാവശ്യം | SSG,OSA | 5000/-OSA |

പ്രവർത്തനം.70

പേര് : കളിമുററം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയ പരിസരത്തുള്ള അങ്കണവാടികളിലേയും LP സ്കൂളുകളിലേയും കുട്ടികളെ പങ്കെടുപ്പിച്ച് കലോത്സവം സംഘടിപ്പിക്കൽ വിരുന്നു നൽകൽ. | വർഷം ഒരു പ്രാവശ്യം | PTA | 10000/- Sponsorship |

പ്രവർത്തനം.71

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ. | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ ചേരൽ. | വർഷം ഒരു പ്രാവശ്യം | SSG,SRG. | 10000/- PTA |

പ്രവർത്തനം.76

പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന പ്രായമുള്ളവരെ അതിഥികളായി ക്ഷണിക്കുന്നു. കുട്ടികൾ അവരുമായി ആശയ വിനിമയം നടത്തുന്നു. വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് വീതം | OSA,SRG | -------- |

പ്രവർത്തനം.77

പേര് : ഹരിതഗ്രാമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രാമവീഥികളിൽ മരങ്ങൾ നടൽ. | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിക്കൽ, അവയുടെ പരിപാലനം. | വർഷം ഒരു പ്രാവശ്യം | PTA, SRG ക്ലബ്ബുകൾ | 10000/- Donation |

പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- 'സ്കൂളും സമൂഹവും ഒററക്കെട്ട് എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- അധ്യാപക വിദ്യാർത്ഥി ബന്ധം ദൃഢമാകുന്നു.
- പ്രായോഗിക ജീവതത്തിൽ സുഗമമായി മുന്നേറുവാൻ കുട്ടികൾക്ക് കഴിയുന്നു.

# മോണിറ്ററിംഗ്

1. ക്ലാസ് തലം : HM, SRG ആഴ്ചയിൽ ഒരു ദിവസം ഒരു അധ്യാപകന്റെ / ആധ്യാപികയുടെ ക്ലാസ്

2. സ്കൂൾതലം : AEO, DEO, DD, SSG

3. പഞ്ചായത്ത് തലം : മാസത്തിൽ ഒരു തവണ

മോണിറ്ററിംഗ് കമ്മിറ്റി :

ഹെഡ്മാസ്റ്റർ
പ്രിൻസിപ്പാൾ
പി.ടി.എ പ്രസിഡന്റ്
എം.ടി.എ പ്രസിഡന്റ്
സ്റ്റാഫ് സെക്രട്ടറി
എസ്.ആർ.ജി. കൺവീനർ
L.S.G
R.M.S.A
D.E.O
D.D.E

ദൈനംദിന മോണിറ്ററിംഗ് ഹെഡ്മാസ്റ്റർ ഉൾപ്പെട്ട മോണിറ്ററിംഗ് സമിതിയും പ്രതിമാസ മോണിറ്ററിംഗ് എൽ.എസ്.ജിയും

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാനത്തിന്റെ പൊതു വികാരമായി മാറിക്കൊണ്ടിരിക്കുന്നു. ബഹുസ്വരതയെ അംഗീകരിക്കുന്ന, മത നിരപേക്ഷതയെ മനസാവരിച്ച പൊതു ഇടങ്ങളുടെ വികാസത്തിനുള്ള അവസരങ്ങളെല്ലാം അർത്ഥപൂർണമായി നാം പ്രയോജനപ്പെടുത്തണം.

അതത് പ്രായഘട്ടത്തിൽ ആർജ്ജിക്കാവുന്ന ഏററവും ഉയർന്ന തലത്തിലുള്ള അറിവും കഴിവും നേടാനും, ജനാധിപത്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാനും കേരളത്തിന്റെ തനതായ വിദ്യാഭ്യാസ മാതൃകകൾ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യം സാർത്ഥകമാക്കാൻ നമ്മുടെ സ്കൂളും നവീനങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ അക്കാദമിക വികാസത്തിനായുള്ള മാർഗരേഖ തയ്യാറാക്കിയിരിക്കുകയാണ്.

'അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്' എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടാണ് ഈ മാർഗരേഖ അവതരിപ്പിച്ചത്. നമ്മുടെ സ്ഥാപനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി മികവ് ലക്ഷ്യം വെച്ചുകൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്തലും അധ്യാപകരെ സഹായിക്കലും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സമൂഹ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയവും മികവിന്റെ കേന്ദ്രമായി മാറുമെന്ന പ്രത്യാശയിൽ, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥകമാക്കാൻ മൊറയൂർ വി.എച്ച്.എം.എച്ച്.എസ്. തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുജന സമക്ഷം സമർപ്പിക്കുന്നു.

*************